भारतीय गैर न्यायिक

दस रुपये रु.10

TEN RUPEES Rs.10

GOVERNMENT OF KERALA
REVALIDATED TO
Rs. 100
(ONE HUNDRED RUPEES)

INDIA NON JUDICIAL

കേരളം केरल KERALA 18AA 609165

**ബഹുമാനപ്പെട്ട ചെങ്ങന്നൂർ നിയമസഭാ മണ്ഡലം ഉപതിരഞ്ഞെടുപ്പ് വരണാധികാരി മുമ്പാകെ കണ്ണൂർ, ഇരിട്ടി പെരിങ്കരി സ്വദേശി എ.കെ.ഷാജി സമർപ്പിക്കുന്ന എതിർ സത്യവാങ്മൂലം.**

പരാതിക്കാരൻ :- എ.കെ.ഷാജി, അറാക്കൽ വീട്, പെരിങ്കരി പി.ഒ ഇരിട്ടി (സ്വതന്ത്ര സ്ഥാനാർത്ഥി) പിൻ 670706

എതിർകക്ഷി :- ശ്രീ സജി ചെറിയാൻ, തെങ്ങുംതറയിൽ വീട്, കൊഴുവല്ലൂർ പി.ഒ (ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥി)

എതിർകക്ഷി ചെങ്ങന്നൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി നോമിനേഷനും Form 26 പ്രകാരം അഫിഡവിറ്റും സമർപ്പിച്ചിട്ടുള്ളതാകുന്നു. ടി അഫിഡവിറ്റിന്റെ പകർപ്പ് വരണാധികാരിയിൽ നിന്നു കൈപ്പറ്റിയത് Doc No 1 ആയി ഇതോടൊപ്പം ഹാജരാക്കുന്നു. Doc No 1ൽ 4-ാം പേജിൽ 'എ ജംഗമ വസ്തുക്കളുടെ വിശദവിവരങ്ങൾ എന്ന ശീർഷകത്തിൽ കുറിപ്പ് 1 ആയി കൂട്ടായ പേരിലുള്ള സ്വത്തിൽ കൂട്ടുടമസ്ഥാവകാശത്തിന്റെ വ്യാപ്തി കൂടി സൂചിപ്പിച്ച് കൊണ്ട് നൽകേണ്ടതാണ് എന്നും 'ബി സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ എന്ന ശീർഷകത്തിൽ കുറിപ്പ് 1 പ്രകാരം സംയുക്ത ഉടമസ്ഥതയിലുള്ള വസ്തുക്കളിൽ ഉടമസ്ഥാവകാശം എത്രയെന്ന വിവരം കൂടി കാണിക്കണം എന്നും വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

NOTARY
HARI V. R.
KOZHENCHERRY TALUK
Reg. No. 2014/PTA
EXPIRY DATE: 25/05/2019
GOVERNMENT OF KERALA
No. 1766
8/5/2018

A.K. Shaji

HARI V.R.
Advocate/Notary
Pathanamthitta

പി. ജി. മോഹനൻ

DISTRICT TREASURY
CHENGANNUR
8/5/18

എതിർകക്ഷിയുടെ അഫിഡവിറ്റിലെ Doc No 1ൽ സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങളിൽ യഥാർത്ഥ വസ്തുതകൾ മറച്ച് വച്ചുകൊണ്ട് വ്യാജ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതാകുന്നു. സംഘടനയുടെയും പാർട്ടിയുടെയും മറവിൽ എതിർകക്ഷി സമ്പാദിച്ച സ്വത്ത് വിവരങ്ങളുടെ യഥാർത്ഥ വസ്തുത വോട്ടർമാർ അറിയാതിരിക്കുന്നതിന് സ്വത്ത് വകകൾ മറച്ച് വച്ച് വോട്ടർമാർക്കിടയിൽ പ്രീതിയുണ്ടാക്കി വോട്ട് നേടി വിജയിക്കുന്നതിനും വേണ്ടിയാണ് ടിയാൻ ഇപ്രകാരം പ്രവർത്തിച്ചത്. യഥാർത്ഥ സ്വത്ത് വിവരങ്ങൾ മറച്ച് വച്ച് വോട്ടർമാർക്കിടയിൽ Undue Influence ഉണ്ടാക്കി വിജയിക്കണമെന്ന ലക്ഷ്യത്തോടെയാണ് ടിയാൻ യഥാർത്ഥ സ്വത്ത് വിവരങ്ങൾ മറച്ചു വച്ച് കള്ളസത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളത് എന്ന് ബോധ്യമാവുന്നു. എതിർകക്ഷി ബോധപൂർവ്വം ഒളിപ്പിച്ച് വെച്ചിട്ടുള്ളതായ യഥാർത്ഥ സ്വത്ത് വിവരങ്ങൾ താഴെ രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

a) Doc No 3869/2017 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടു സ്വത്ത്. ആലപ്പുഴ ജില്ല, അമ്പലപ്പുഴ താലൂക്ക് അമ്പലപ്പുഴ വടക്ക് വില്ലേജ്. വിസ്തീർണ്ണം 9.98 ആർ. വാങ്ങിയ വില 12350000/- (ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തി അമ്പതിനായിരം) മുദ്രപ്പത്ര വില - 988000/- ആധാര ഫീസ് 247070/- എന്നിങ്ങനെയാകുന്നു (Doc No 2)

b) Doc No 765/15 സജി ചെറിയാൻ, കൃഷ്ണകുമാർ ജി എന്നിവരുടെ പേരിലുള്ള കൂട്ടു സ്വത്ത്. ആലപ്പുഴ ജില്ല, വെൺമണി വില്ലേജ്. വിസ്തീർണ്ണം 3 ഏക്കർ 71 സെന്റ്. വാങ്ങിയ വില 7500000/ (Doc No 3)

c) Doc No 794/15. സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടു സ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വിസ്തീർണ്ണം 1 ഏക്കർ 65 സെന്റ്. വാങ്ങിയ വില 4920000/- (Doc No 4)

d) Doc No 1075/17 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വിസ്തീർണ്ണം 39 സെന്റ്. വാങ്ങിയ വില 50000/- (Doc No 4)

e) Doc No 198/17 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വിസ്തീർണ്ണം 50 സെന്റ്. വാങ്ങിയ വില 1701000/- (Doc No 4)

f) Doc No 199/17 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വിസ്തീർണ്ണം 28.42 സെന്റ്. വാങ്ങിയ വില 843750/- (Doc No 4)

g) Doc No 343/1/17 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വിസ്തീർണ്ണം 08 സെന്റ്. വാങ്ങിയ വില 288750/- (Doc No 4)

NOTARY
HARI V. R.
KOZHENCHERRY TALUK
Reg. No. 5/2014/PTA
EXPIRY DATE: 23/06/2019
GOVERNMENT OF KERALA

HARI V.R.
Advocate/Notary
Pathanamthitta

Ak. Shaji

h) Doc No 432/2017 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വാങ്ങിയ വില 90000/- (Doc No 4)

i) Doc No 434/17 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വാങ്ങിയ വില 15500/-

j) Doc No 435/17 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വാങ്ങിയ വില 160000/- (Doc No 4)

k) Doc No 545/17 സജി ചെറിയാൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരിലുള്ള കൂട്ടുസ്വത്ത്. ആലപ്പുഴ ജില്ല. വെൺമണി വില്ലേജ്. വിസ്തീർണ്ണം 1 ഏക്കർ 8 സെന്റ്. വാങ്ങിയ വില 645000/- (Doc No 4)

l) Doc No 4223/10 സജി ചെറിയാൻ, ഓമനക്കുട്ടൻ എന്നിവരുടെ കൂട്ടവകാശമുള്ള സ്വത്ത്. ആലപ്പുഴ ജില്ല പുന്നപ്ര വില്ലേജ്. വിസ്തീർണ്ണം 24.60 സെന്റ്. വിൽപ്പന നടത്തിയത് 12.55. സെന്റ് ബാക്കി കൈവശം 12.05 സെന്റ് (Doc No 5)

m) Doc No 2346/17 സജി ചെറിയാൻ, പ്രസന്നൻ എന്നിവരുടെ ഉടമസ്ഥതയിലുള്ളത്. ആലപ്പുഴ ജില്ല രാമങ്കരി വില്ലേജ്. വിസ്തീർണ്ണം 16 ആർ. വാങ്ങിയ വില 100000/- (Doc No 6)

n) Doc No 6/18 സജി ചെറിയാൻ എന്നവരുടെ പേരിലുള്ള വസ്തു. ആലപ്പുഴ ജില്ല പുളിക്കുന്ന് വില്ലേജ്. വിസ്തീർണ്ണം 16 ആർ. വാങ്ങിയ വില 6200/- (Doc No 6)

o) Doc No 39/2000 സജി ചെറിയാൻ, റെജി ചെറിയാൻ. ചെങ്ങന്നൂർ മുളക്കുഴ (ഭാഗപത്രം ) Doc No 7.

മേൽ വിവരിച്ച സ്വത്ത് വിവരങ്ങൾ എതിർകക്ഷി മനഃപൂർവ്വം അഫിഡവിറ്റിൽ മറച്ച് വെച്ചിട്ടുള്ളതാകുന്നു. വോട്ടർമാരിൽ Undue Influence സൃഷ്ടിച്ച് വോട്ട് നേടി വിജയിക്കുവാൻ വേണ്ടിയാണ് ടിയാൻ ഇപ്രകാരം ചെയ്തത്. എതിർകക്ഷിയുടെ ഈ വിധത്തിലുള്ള പ്രവൃത്തി കറപ്ട് പ്രാക്ടീസ് ആകുന്നു. എതിർകക്ഷിയുടെ ഇത്തരത്തിലുള്ള കള്ള സത്യവാങ്മൂലം ഇലക്ഷന്റെ വോട്ടെടുപ്പിനെ മെറ്റീരിയലി എഫക്ട് ചെയ്യുന്നതുമാകുന്നു.

ബഹു: സുപ്രീം കോടതിയുടേ സിവിൽ അപ്പീൽ 1478/2015ൽ മേൽ വസ്തുതകൾ പ്രതിപാദിച്ചിട്ടുള്ളതാകുന്നു. ബഹു: ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവ് നമ്പർ 4/2014/SDR/Vol I dtd 26/04/2014ൽ സ്ഥാനാർത്ഥികൾ കള്ള സത്യവാങ്മൂലം

NOTARY
HARI V. R.
KOZHENCHERRY TALUK
Reg. No. 5/2014/PTA
EXPIRY DATE: 26/05/2019
GOVERNMENT OF KERALA

HARI V.R.
Advocate/Notary
Pathanamthitta

AK. Shaji SW

സമർപ്പിച്ചതായി റിട്ടേണിംഗ് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ റിട്ടേണിംഗ് ഓഫീസർ ബന്ധപ്പെട്ട കോടതിയിൽ u/s 177 of IPC read with Sec 195 of CRPC പ്രകാരം സ്ഥാനാർത്ഥിക്കെതിരെ കേസ് ഫയൽ ചെയ്യണമെന്ന് ഉത്തരവായിട്ടുള്ളതാകുന്നു. ടി ഉത്തരവിന്റെ പകർപ്പ് Doc No 7 ആയി ഹാജരാക്കുന്നു.

റെപ്രസന്റേഷൻ ഓഫ് പീപ്പിൾ ആക്ട് 125A i,ii,iii പ്രകാരം കള്ള സത്യവാങ്മൂലം നൽകുന്നത് ക്രിമിനൽ കുറ്റമാണെന്നും സെക്ഷൻ 100 പ്രകാരം വിജയിച്ച സ്ഥാനാർത്ഥിയെ അയോഗ്യനാക്കുന്നതിന് കാരണമാകുന്നതുമാകുന്നു - എന്നും വ്യക്തമാക്കിയിട്ടുള്ളതാകുന്നു. ബഹു: ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവ് No/509/11/2004-JS-1 dtd 2/2/2016 പ്രകാരം സ്ഥാനാർത്ഥിയുടെ അസറ്റ്, ലൈബിലിറ്റി, ക്രിമിനൽ പശ്ചാത്തലം, വിദ്യാഭ്യാസ യോഗ്യത, സർക്കാർ വകുപ്പുകളിൽ നിന്നും നോ ഡ്യൂസ് സർട്ടിഫിക്കറ്റ് എന്നിവ അഫിഡവിറ്റിനോടൊപ്പം ഹാജരാക്കേണ്ട താണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. ടി ഉത്തരവ് Doc No 8 ആയി ഇതോടൊപ്പം ഹാജരാക്കുന്നു.

വിജയിച്ച സ്ഥാനാർത്ഥിയെ അയോഗ്യനാക്കുന്നതിനുള്ള മതിയായ കാരണമാണ് ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവിന്റെ ലംഘനം എന്ന് റെപ്രസന്റേഷൻ ഓഫ് പീപ്പിൾ ആക്ട് Sec 100ൽ രേഖപ്പെടുത്തിയിത്തുള്ളതാകുന്നു.

എതിർ കക്ഷി യഥാർത്ഥ സ്വത്ത് വിവരം വെളിപ്പെടുത്താതെ കള്ള സത്യവാങ്മൂലം നൽകിയത് RP act 125Aയുടെ വിവിധ വകുപ്പുകൾ പ്രകാരം ക്രിമിനൽ കുറ്റവും Undue Influence സൃഷ്ടിച്ച് വോട്ട് നേടാൻ ശ്രമിക്കുന്നത് കറപ്ട് പ്രാക്ടീസും ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവ് ലംഘിക്കുന്നത് അയോഗ്യനാക്കാൻ മതിയായ കാരണമാകുന്നതുമാകുന്നു.

ആയതിനാൽ എതിർകക്ഷിയുടെ നോമിനേഷൻ തള്ളണമെന്നും ടിയാനെതിരെ Doc No 7ൽ പ്രതിപാദിക്കും പ്രകാരം ബഹു: റിട്ടേണിംഗ് ഓഫീസർ ക്രിമിനൽ കേസ് ഫയൽ ചെയ്യേണ്ടതുമാകുന്നു.

എതിർകക്ഷിയുടെ അഫിഡവിറ്റിന്റെ 9-ാം പേജിൽ II-ാം ക്രമ നമ്പർ ആയി സർക്കാരിലേക്ക് കൊടുക്കാനുള്ള തുക രേഖപ്പെടുത്തേണ്ടതാകുന്നു. ടി ക്രമ നമ്പറിൽ 11-ാം കോളത്തിൽ മറ്റേതെങ്കിലും തുക ബാധ്യത എന്നതിന് ഉത്തരമായി ഇല്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. III,IV ക്രമ നമ്പരുകളിലായി എല്ലാ സർക്കാർ കുടിശ്ശികകളുടേയും ആകെ തുക എന്നതിന് ഉത്തരമായി ഇല്ല എന്നും മറ്റേതെങ്കിലും ബാധ്യതകൾ തർക്കത്തിലുണ്ടോ എന്നുള്ളത് ഉണ്ടെങ്കിൽ ഉൾപ്പെട്ട തുക കാണിക്കേണ്ടതും ഏത് അതോറിറ്റി മുമ്പാകെ നിലവിലുണ്ട് എന്നതും ഇല്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

എതിർകക്ഷി ആലപ്പുഴ റിഹാബിലിറ്റേഷൻ പാലിയേറ്റിവ് സെന്റർ (ARPC)Reg No 471/16 എന്ന സംഘടനയുടെ ചെയർമാൻ ആകുന്നു. ടി സംഘടനയുടെ ബൈലായുടെ പകർപ്പ് Doc No 9 ആയി ഇതോടൊപ്പം ഹാജരാക്കുന്നു. ആലപ്പുഴ ജില്ലാ രജിസ്ട്രാർ ഓഫീസിൽ ഫയൽ ചെയ്ത ഭാരവാഹികളുടെ ലിസ്റ്റ് അടക്കമുള്ള

NOTARY ★ HARI V.R. ★ KOZHENCHERRY TALUK Reg. No. 5/2014/PTA EXPIRY DATE: 26/05/2019 GOVERNMENT OF KERALA

HARI V.R.
Advocate/Notary
Pathanamthitta

AK. Shaji Sh

ഫയലിംഗിന്റെ പകർപ്പ് Doc No 10 ആയി ഇതോടൊപ്പം ഹാജരാക്കുന്നു. ഈ സംഘടന 2016-17, 2017-18 വർഷങ്ങളിൽ ജില്ലാ രജിസ്ട്രാർ ഓഫീസിൽ ~~ഒടുക്കേണ്ട ഫീസിനത്തിൽ~~ Rs 9500/- കുടിശ്ശികയുള്ളതാകുന്നു. ടി കുടിശ്ശിക തുക സർക്കാരിലേക്ക് അടക്കേണ്ട കുടിശ്ശികയാണ്. മേപ്പടി വിവരം എതിർ കക്ഷി അഫിഡവിറ്റിൽ മറച്ച് വച്ചിട്ടുള്ളതാകുന്നു.

ബഹു: ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവ് നമ്പർ ECI/PN/24/2002 പ്രകാരം സ്ഥാനാർഥികൾ സമർപ്പിക്കുന്ന അഫിഡവിറ്റിൽ ഗവൺമെന്റ് കുടിശ്ശിക, സ്വത്ത് വിവരങ്ങൾ, ബാങ്ക് ഇടപാടുകൾ തുടങ്ങിയവ രേഖപ്പെടുത്തി സത്യവാങ്മൂലം നൽകണമെന്നും തെറ്റായ വിവരങ്ങളോ, യഥാർത്ഥ വിവരങ്ങൾ മറച്ചു വെക്കുകയോ ചെയ്താൽ നോമിനേഷൻ തള്ളുന്നതിനുള്ള കാരണമാകുമെന്നും ഉത്തരവായിട്ടുള്ളതാകുന്നു. ടി ഉത്തരവ് പകർപ്പ് Doc No 11 ആയി ഹാജരാക്കുന്നു.

എതിർ കക്ഷി ഗവൺമെന്റ് കുടിശ്ശിക വരുത്തിയിട്ടുള്ളതും ആയത് അഫിഡവിറ്റിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാകുന്നു. ഗവൺമെന്റ് കുടിശ്ശികയും സ്വത്ത് വിവരങ്ങളും മറച്ചു വച്ച് എതിർകക്ഷി സമർപ്പിച്ച നോമിനേഷൻ Doc No 11-ന്റെ അടിസ്ഥാനത്തിൽ റിജക്റ്റ് ചെയ്യേണ്ടതാകുന്നു.

ബഹു:ഇലക്ഷൻ കമ്മീഷണറുടെ No 509/11/2004-JS-I dtd 3/2/2016 പ്രകാരം ഗവൺമെന്റ് കുടിശ്ശിക ഇല്ല എന്ന് കാണിക്കുന്നതിന് സ്ഥാനാർത്ഥികൾ No demand certificate ഹാജരാക്കണമെന്നും അങ്ങനെ ഹാജരാക്കാത്ത നോമിനേഷനുകൾ "treated as a defect of substantial nature of the purpose of Section 36 of the RP act" എന്ന് വ്യക്തമാക്കിയിട്ടുള്ളതാകുന്നു. മേപ്പടി ഉത്തരവ് പ്രകാരവും എതിർ കക്ഷിയുടെ നോമിനേഷൻ തള്ളുന്നതിന് കാരണമായിട്ടുള്ളതാകുന്നു. ടി രേഖ Doc No 12 ആയി ഹാജരാക്കുന്നു.

എതിർകക്ഷി സമർപ്പിച്ച അഡീഷണൽ അഫിഡവിറ്റിൽ ടിയാൻ കരുണ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ പ്രസിഡന്റ് ആണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. എന്നാൽ ആലപ്പുഴ റിഹാബിലിറ്റേഷൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റിയുടെ ചെയർമാൻ ആണ് എന്ന് രേഖപ്പെടുത്താത്തത് സർക്കാരിലേക്ക് കുടിശ്ശിക ഉള്ളതുകൊണ്ടും ആയത് അഫിഡവിറ്റിൽ രേഖപ്പെടുത്താതെ കള്ള സത്യവാങ്മൂലം നൽകിയതായി ഉത്തമബോധ്യമുള്ളതുകൊണ്ടുമാകുന്നു. മാത്രവുമല്ല, ബൈലോ പ്രകാരം കമ്മിറ്റി അംഗമല്ലാത്ത കോടിയേരി ബാലകൃഷ്ണനുമായി ചേർന്ന് ഏകദേശം ഒന്നരക്കോടിയോളം രൂപ മുടക്കി സ്വത്ത് ആർജിച്ചത് വോട്ടർമാർ അറിയാതിരിക്കുന്നതിനുമാണ്. സംഘടനയുടെ മറവിൽ നിയമവിരുദ്ധ സാമ്പത്തിക ഇടപാടാണ് എതിർ കക്ഷി കോടിയേരി ബാലകൃഷ്ണനുമായി ചേർന്ന് നടത്തിയിട്ടുള്ളത്. ടി വിവരങ്ങൾ വോട്ടർമാർ അറിയാതിരിക്കുന്നതിന് വേണ്ടിയാണ് യഥാർത്ഥ സ്വത്ത് വിവരങ്ങൾ മറച്ച് വച്ചതും സർക്കാർ കുടിശ്ശിക വെളിപ്പെടുത്തിയിരിക്കുന്നതും എന്ന് ബോധ്യമാകുന്നു.

NOTARY
HARI V. R.
KOZHENCHERRY
TALUK
Reg. No. 5/2014/PTA
EXPIRY DATE:
26/05/2019
GOVERNMENT OF KERALA

HARI V.R.
Advocate/Notary
Pathanamthitta

എതിർകക്ഷിയുടെ ഇത്തരത്തിലുള്ള പ്രവർത്തി വോട്ടർമാരുടെ അറിയുവാനുള്ള അവകാശത്തിന്റെ ലംഘനമാകുന്നു. ബഹു: സുപ്രീം കോടതി ഉത്തരവ് 121/2008ൽ ഇക്കാര്യം വ്യക്തമാക്കി പ്രതിപാദിച്ചിട്ടുള്ളതാകുന്നു.

എതിർ കക്ഷി സമർപ്പിച്ച അഫിഡവിറ്റ് Doc No 1-ൽ കമ്പനികളിലും മറ്റുമുള്ള ഷെയർ വിവരിക്കുന്ന ഭാഗത്തിൽ എതിർകക്ഷിക്ക് ആലപ്പുഴ റിബാബിലിറ്റേഷൻ ആൻഡ് പാലിയേറ്റിവ് സെന്റർ എന്ന സ്ഥാപനത്തിൽ എത്ര രൂപയുടെ മൂലധനം ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടില്ല. സംഘടനയുടെ ബൈലോ പ്രകാരം അംഗങ്ങൾക്ക് മൂലധനം ഉണ്ടാവേണ്ടതാകുന്നു. ടി സ്ഥാപനം രജിസ്റ്റർ ചെയ്ത് 6 ദിവസങ്ങൾക്കുള്ളിലാണ് വൻ സാമ്പത്തിക ഇടപാടിലൂടെ ഭൂമിക്കച്ചവടം നടത്തിയത്. ആയതിനാൽ തന്നെ ഈ ഇടപാട് സംഘടനക്ക് വേണ്ടിയല്ല എന്ന വസ്തുത സംഘടനയുടെ ഭാരവാഹിയല്ലാത്ത കോടിയേരി ബാലകൃഷ്ണന്റെ പേരിൽ സംയുക്തമായി രജിസ്റ്റർ ചെയ്തതോടെ വ്യക്തമാക്കുന്നതുമാകുന്നു. ഇത്രയും വൻതുകയുടെ ഇടപാട് വോട്ടർമാർ അറിയാതിരിക്കുന്നതിന് ബോധപൂർവം ചെയ്തതാകുന്നു. ടിയാന്റെ ഈ വിധം പ്രവൃത്തി വോട്ടറുടെ അറിയുവാനുള്ള അവകാശം 19(1)a യുടെ ലംഘനമാണ്. വോട്ടർമാരുടെ അറിയുവാനുള്ള അവകാശം ഹനിക്കുന്നത് നോമിനേഷൻ തള്ളുന്നതിനുള്ള മതിയായ കാരണമാകുന്നതുമാകുന്നു.

മേൽ പ്രതിപാദിച്ച കാരണങ്ങളാൽ കാരണങ്ങൾക്കടിസ്ഥാനമായ രേഖകൾ പരിശോധിച്ച് ബഹു:ഇലക്ഷൻ കമ്മീഷണറുടെ വിവിധ ഉത്തരവുകൾകൂടി അടിസ്ഥാനമാക്കി എതിർകക്ഷിയുടെ നോമിനേഷൻ സ്വീകരിക്കാതെ തള്ളണമെന്നും നിയമവും ഉത്തരവുകളും അനുശാസിക്കും വിധം ടിയാനെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യണമെന്നും ബോധിപ്പിച്ചിട്ടുള്ളതാകുന്നു.

ഇതുകൾ സത്യം

AK. Shaji

സത്യവാങ്മൂലക്കാരൻ

NOTARY
HARI V.R.
KOZHENCHERRY TALUK
Reg. No. 5..
EXPIRY DATE
26/05/2013
GOVERNMENT OF KERALA
SPECIAL ADHESIVE SPECIAL ADHESIVE

Solemnly affirmed and Signed before me by the deponent, who is personally known to me at my office at Pathanamthitta on this the 16th day of Mar 2018

Hari V.R.
Advocate & Notary Public

NOTARY REGISTER
Sl. No. 521 Book No. 1
Vol. No. 1 Page No. 83
Receipt No. 521